**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499** **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മസാലബോണ്ട് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മസാലബോണ്ട് വിതരണവുമായി ബന്ധപ്പെട്ട് ഇ.ഡി. എന്തെല്ലാം കുറ്റങ്ങൾ ആരോപിച്ചാണ് കിഫ്ബി ഉദ്യോഗസ്ഥർക്കും മുൻ ധനമന്ത്രിയ്ക്കുമെതിരെ നോട്ടീസ് നൽകിയിട്ടുള്ളത്; ആർക്കെല്ലാമാണ് നോട്ടീസ് ലഭിച്ചിട്ടുള്ളതെന്നും ആരെയെല്ലാമാണ് ചോദ്യം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | മസാലാ ബോണ്ട് സംബന്ധിച്ച് കിഫ്ബി ഉദ്യോഗസ്ഥർക്ക് നൽകിയ സമൻസ് നോട്ടീസുകളിലോ തുടർന്നുള്ള ചോദ്യം ചെയ്യലിലോ അന്വേഷണത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചോ അന്വേഷിക്കുന്ന വിഷയത്തെക്കുറിച്ചോ ഒരു വ്യക്തതയും ഇഡി നൽകിയിരുന്നില്ല. കിഫ്ബിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജോയിന്റ് ഫണ്ട് മാനേജർ, മുൻ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ, മുൻ അസിസ്റ്റന്റ് ജനറൽ മാനേജർ എന്നിവർക്കും കൂടാതെ കണക്കുകൾ പരിശോധിച്ച ചാർട്ടേർഡ് അക്കൌണ്ടന്റ്മാർക്കും സമൻസുകൾ ലഭിക്കുകയുണ്ടായി. ഇതിൽ മുൻ ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ ഒഴികെ മറ്റ് എല്ലാ ഉദ്യോഗസ്ഥരെയും ഇഡി പ്രാഥമിക അന്വേഷണവുമായി ബന്ധപ്പെട്ട് ചോദ്യം ചെയ്യുകയുണ്ടായി. |
| (ബി) | മസാലബോണ്ട് വഴി എത്ര രൂപയാണ് സമാഹരിക്കാൻ തീരുമാനിച്ചതെന്നും എത്ര തുക സമാഹരിച്ചുവെന്നും ഇതിന് റിസർവ്വ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമാണോയെന്നും എങ്കിൽ ഇത് ലഭിച്ചിരുന്നോയെന്നും വ്യക്തമാക്കുമോ; | (ബി) | എക്സ്റ്റേർണൽ കൊമേഴ്ഷ്യൽ ബോറോയിംഗിലൂടെ 2672.80 കോടി രൂപ വരെ സമാഹരിക്കുവാനുള്ള അനുമതി റിസർവ്വ് ബാങ്ക് കിഫ്ബിയ്ക്ക് നൽകിയിരുന്നു. ഇതിൽ 2150 കോടി രൂപ സമാഹരിക്കുവാൻ 2019 മാർച്ച് 29 തീയതിയോടെ കിഫ്ബിയ്ക്ക് കഴിഞ്ഞു. |
| (സി) | കിഫ്ബി ഏതെങ്കിലും തരത്തിലുള്ള ഫെമ നിയമലംഘനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഭീമമായ തുക പിഴയൊടുക്കേണ്ടി വരുകയും മറ്റ് ഗുരുതരമായ നടപടികൾ നേരിടേണ്ടി വരുകയും ചെയ്യുമെന്നത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരം നിയമലംഘനം നടത്തിയവർക്കെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കിഫ്ബി ഏതെങ്കിലും തരത്തിലുള്ള ഫെമ നിയമലംഘനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ